## സാമൂഹ്യനീതിഡയറക്ടറുടെ നടപടി ക്രമങ്ങൾ

(സാന്നിദ്ധ്യം ശ്രീമതി.അനുപമ.റ്റി.വി., IAS )

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഐസിഡിഎസ് - മെഡിക്കൽ കോളേജ്- ഇൻസ്റ്റിറ്റ്യൂഷണൽ റിസേർച്ച്- പി.എച്ച്.ഡി പഠനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ അങ്കണവാടികളിൽ " **Prevalence of Dental Carries risk and effect of a multi component Oral Health Programmes or carries risk among Anganwadi children from Thiruvananthapuram"** -എന്ന വിഷയത്തെ അധികരിച്ചുള്ള പഠനത്തിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം :- ശ്രീമതി നമിത. P. സമർപ്പിച്ച അപേക്ഷ

## ഉത്തരവ് നം. ICDS B1- 3587/17 തീയതി :04.04.2017

കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ശ്രീമതി നമിത. P. തിരുവനന്തപുരം ജില്ലയിലെ അങ്കണവാടികുട്ടികളിലെ ദന്തൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയത്തെ അധികരിച്ച് (Phd) പഠനം നടത്തുന്നു. ആയതിന് അനുമതിക്കായിസമർപ്പിച്ച അപേക്ഷ പരിഗണിച്ച് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി തിരുവനന്തപുരം ജില്ലയിലെ അങ്കണവാടികളിൽ പഠനം നടത്തുന്നതിന് ശ്രീമതി നമിത. P.ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. പഠനത്തിന്റെ ഭാഗമായി അങ്കണവാടികൾ സന്ദർശിക്കാവുന്നതും ഡേറ്റാ ശേഖരിക്കാവുന്നതുമാണ്.
2. അങ്കണവാടികളിൽ അമ്മമാർക്ക് ക്ലാസെടുക്കാൻ പാടുള്ളതല്ല.
3. അങ്കണവാടികളിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം വരാൻ പാടില്ല.
4. ശേഖരിക്കുന്ന ഡേറ്റാ റിസർച്ച് പഠനത്തിന് മാത്രമേ ഉപയോഗിക്കാവൂ.
5. റിസർച്ച് റിപ്പോർട്ടിന്റെ പകർപ്പ് സാമൂഹ്യനീതി ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യ നീതി ഡയറക്ടർ

ശ്രീമതി നമിത. P.
തൃപ്തി, അടുത്തല. P.O.
കൊല്ലം- 691579

പകർപ്പ്-

1) ജില്ലാ സാമൂഹ്യനീതി ഓഫീസർ, തിരുവനന്തപുരം
2) ജില്ലാ പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം
3) എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്കും, തിരുവനന്തപുരം
4) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

TSS/April 4, 2017